Ref: DC/2011/013/dated: 30.05.2011

പ്രസിദ്ധീകരണത്തിന്,

## തിരുവന്തപുരം ലത്തീൻ കത്തോലിക്ക അതിരൂപത ഫുട്ബോൾ അക്കാദമി - ആരംഭിക്കുന്നു.

തിരുവന്തപുരം ലത്തീൻ കത്തോലിക്ക അതിരൂപത തീരദേശ ഗ്രാമങ്ങളിലെ ഫുട്ബോൾ താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 9 വയസ്സ് പ്രായമായ കുട്ടികൾക്ക് വേണ്ടി സ്പോർട്സ് അക്കാദമി ആരംഭിക്കുന്നു. രാജ്യാന്തര നിലവാരത്തിൽ നടത്തുവാനുദ്ദേശിക്കുന്ന അക്കാദമിയിലേയ്ക്ക് അഡ്മിഷൻ ലഭിക്കുന്നവർക്ക് താമസ പഠന സൗകര്യവും, വിദേശ പരിശീലകരുടെ ശാസ്ത്രീയമായ പരിശീലനവും ലഭ്യമാക്കുന്ന തരത്തിലാണ് അക്കാദമിയുടെ പ്രവർത്തനം സജ്ജീകരിക്കുന്നത്. അക്കാദമിയിലേയ്ക്ക് കുട്ടികളെ തെരെഞ്ഞെടുക്കുന്നതിനായി ഒരു വർഷം നീണ്ടു നിൽക്കുന്ന ഫുട്ബോൾ പരിശീലന ക്യാമ്പുകൾ ഫെറോന തലത്തിൽ ഘട്ടംഘട്ടമായി നടത്തുവാനാണ് അതിരൂപത ഉദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ ക്യാമ്പുകൾ പുല്ലുവിള ഫെറോനയിൽ ആരംഭിക്കുന്നു. ക്യാമ്പിന്റെ ഉദ്ഘാടനം ഇന്ന് (31.05.2011) വൈകിട്ട് 3.30 മണിക്ക് പൂവ്വാർ സെന്റ് ബർത്തലോമിയോ ഫുട്ബോൾ അക്കാദമി ഗ്രൗണ്ടിൽ വച്ച് മുൻ സന്തോഷട്രോഫി കേരള ക്യാപ്റ്റൻ ശ്രീ.സിൽവസ്റ്റർ ഇഗ്നേഷ്യസും, 2011 സന്തോഷ്ട്രോഫി കേരള ക്യാപ്റ്റനുമായ ശ്രീ. ബിജേഷ് ബെന്നും ചേർന്നു നിർവഹിക്കും. ക്യാമ്പുകൾക്കാവശ്യമായ ഫുട്ബോളുകളുടെ വിതരണം അതിരൂപത വികാർ ജനറൽ മോൺ. യൂജിൻ എച്ച്.പെരേര നടത്തും. മോൺ. ജയിംസ് കുലാസ്, ഫാ.തോമസ് നെറ്റോ, ഫാ.സിൽവസ്റ്റർ കുരിശ്, ഫാ. വിൽഫ്രഡ് ഇ, ഫാ.ജിജോ ജോർജ്, ഡോ. വി.ഗബ്രിയേൽ (മുൻ സംസ്ഥാന സ്പോർട്സ് ജോയിന്റ് ഡയറക്ടർ), ഫാ.ജോയി.സി.മാത്യു, ശ്രീ.സ്റ്റീഫൻ മൊറയിസ്, എന്നിവരും നിരവധി പ്രഗത്ഭരായ ഫുട്ബോൾ താരങ്ങളും, ചടങ്ങിൽ പങ്കെടുക്കുന്നു.

ഫാ. തോമസ് നെറ്റോ
അതിരൂപതാ കോർഡിനേറ്റർ

ഫാ.ജോയി,സി.മാത്യു.
സ്പോർട്സ് ഓർഗനൈസർ
തിരുവനന്തപുരം ലത്തീൻ കത്തോലിക്ക
അതിരൂപത & സ്റ്റേറ്റ് റഫറി,
കേരള ഫുട്ബോൾ അസ്സോസിയേഷൻ